QP CODE: 19101114

19101114

Reg No : .....................

Name : .....................

# B.Com. DEGREE (CBCS) EXAMINATION, DECEMBER 2018

**First Semester**

(For B.Com Model II Programmes)

**Common Course II - ML1CCT11 - MALAYALAM-KATHA,KAVITHA,NATAKAM**

2017 Admission (Reappearance)

DBA27BB8

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. "ഉണ്ണാനില്ലാത്തവർക്കു വേണ്ടിയുള്ള സമരത്തിനിടയിൽ ചോറ് വിളമ്പിത്തന്ന കൈകൾ ഞങ്ങൾ മറന്നു പോയി . എന്നിട്ടും അവിടുന്നു ഞങ്ങളെ ശപിക്കുന്നില്ല". ഗോവിന്ദൻകുട്ടി ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം വിശദമാക്കുക.
2. രാജേന്ദ്രന് അസ്വാസ്ഥ്യം ഉണ്ടാക്കിയ മാറ്റങ്ങളെന്തെല്ലാമായിരുന്നു?
3. 'ഹീബ്രുവിലൊരു പ്രേമലേഖനം' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.
4. 'അനന്തപദ്മനാഭന്റെ മരക്കുതിരകൾ' എന്ന കഥയിലെ പെൺകുതിര പ്രധിനിധീകരിക്കുന്നത് എന്ത് ?
5. 'നൂല്' എന്ന കഥയുടെ ഭാഷാപരമായ സവിശേഷതകൾ പരിശോധിക്കുക.
6. 'അങ്ങനെയാവും വയസ്സാകുമ്പോൾ' ഏത് ചോദ്യത്തിന്റെ ഉത്തരമാണിത്?.
7. വൈലോപ്പിള്ളിയുടെ 'അരിയില്ലാഞ്ഞിട്ട്' എന്ന കവിതയിൽ വിവരിക്കുന്ന ആശയം എന്ത് ?
8. "വരും ജന്മമെങ്കിലും
   ഈ മനുഷ്യൻ
   ചെരിപ്പായി ജനിക്കാനിടവരണമേ" - വിശദമാക്കുക.
9. കറുത്ത ചായങ്ങളിൽ
   വിധി പോരടിപ്പി -
   ച്ചൂയിരറ്റവർതൻ കഥ ' - പ്രകരണവും പൊരുളും എഴുതുക.
10. 'ചോർന്നൊലിക്കുന്ന മുറി' എന്ന കവിതയിൽ തെളിയുന്ന മാധ്യമ സംസ്കാരം എന്ത്?
11. നാടകത്തിന്റെ അവസാനം എന്ത് ചിന്തയിലേക്കാണ് താജ് പ്രേക്ഷകരെ എത്തിച്ചത്?.
12. പണിയെടുക്കാനൊരുതുണ്ട് നെലംകിട്ടിയാൽ ചത്തോടത്തുനിന്നു നമ്മളെണീറ്റുവരും. അതല്ലേ നമ്മട മനസ്സിന്റെ തഴക്കം.-വ്യക്തമാക്കുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. മനുഷ്യപുത്രി എന്ന കഥയിൽ ലളിതാംബിക അന്തർജനം സ്നേഹശുദ്ധിയേയും കാരുണ്യത്തേയും അടയാളപ്പെടുത്തുന്നത് എങ്ങനെ ?



Turn Over

14. "ചോണനുറുമ്പുകൾ പൊതിഞ്ഞുകിടക്കുന്ന മാവിൻ തടിയെ മാറോടുചേർത്തു കെട്ടിപ്പിടിച്ചുകൊണ്ട് അവൾ കരഞ്ഞു : 'മലമുകളിലെ അബ്ദുള്ളേ, എന്റെ അബ്ദുള്ളേ!' - സന്ദർഭം എഴുതുക.

15. ജീവിത സങ്കീർണതകളുടെ നേർചിത്രമാണ് 'പറുദീസാനഷ്ടം' വ്യക്തമാക്കുക?

16. കഥാപാത്ര നിരൂപണം - ഇട്ടിനാൻ.

17. 'ധനുഷ്കോടിയിലെ നിഴലുകൾ' എന്ന കവിതയിൽ കാലം എങ്ങനെയൊക്കെ പ്രത്യക്ഷപ്പെടുന്നു?

18. ഭാഗവതം എന്ന കവിതയിൽ 'നാളേക്കെത്ര കൊച്ചുകാര്യങ്ങൾ ' എന്ന പ്രസ്താവത്തിന്റെ സാംഗത്യം വിശദമാക്കുക.

19. 'മരണംവരെത്തീരാ -
മഹാഭാഗവതം ഞാൻ
മറിച്ചു വായിക്കുന്നൂ '. - ഈ വരികളിലൂടെ അനാവൃതമാകുന്നതെന്ത്?

20. 'രാവുണ്ണി' എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്ത്?

21. ജന്മിത്തത്തിന്റെ പല രൂപങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിൽ വേഷം മാറി പ്രത്യക്ഷപെടുന്നതായി രാവുണ്ണി വെളിപ്പെടുത്തുന്നു. വിശദമാക്കുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. ഇതിവൃത്തത്തിന്റെ ഇഴയടുപ്പവും കല്പനാവൈഭവവും സമന്വയിക്കുന്ന കഥയാണ് 'ഹീബ്രുവിലൊരു പ്രേമലേഖനം' -വിശദമാക്കുക.

23. ഭ്രമാത്മകതയിൽ അഭിരമിച്ച മനസ്സിന്റെ അനന്തയാത്രകളാണ് ഷാഹിന ഇ.കെ യുടെ 'അനന്തപത്മനാഭന്റെ മരക്കുതിരകൾ' എന്ന കഥ.-വിശദമാക്കുക.

24. ആഴമില്ലാത്ത മതാനുഷ്ഠാനങ്ങളെ സൗമ്യതയോടെ വിമർശിക്കുന്ന കവിതയാണ് സച്ചിദാനന്ദന്റെ 'കോവിലിനു പുറത്തെ ചെരുപ്പിന്റെ പ്രാർത്ഥന' സമകാലീന ജീവിത പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുക.

25. മലയാള നാടക സാഹിത്യ ചരിത്രത്തിൽ 'രാവുണ്ണി' യുടെ സ്ഥാനം എന്ത്?

(2×15=30)